പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1576

03/10/2011 - ൽ
മറുപടിക്ക്

## പോലീസിലെ കുറ്റവാളികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>,, കെ.കെ നാരായണൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പോലീസിലെ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യത്തിലെ പുരോഗതി വിശദമാക്കാമോ ; | (എ) ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ഗൗരവപരമായി കണ്ടുകൊണ്ട് അത്തരം പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികളും വകുപ്പുതല അച്ചടക്കനടപടികളും സ്വീകരിക്കുന്നുണ്ട്. മേലിൽ ഇത്തരം സംഭവങ്ങൾ പോലീസ് സേനയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ 09.09.2011 ലെ T8-72190/2011സർക്കുലർ പ്രകാരം പോലീസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.പോലീസ് സേനയിൽ ക്രിമിനൽവാസന തുടക്കത്തിലെ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ക്രിമിനൽ പശ്ചാത്തലമുള്ള ട്രെയിനികളുടെയും, ട്രെയിനിംഗ് പൂർത്തിയാക്കിയവരുടെയും ലിസ്റ്റ് തയ്യാറാക്കുകയും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ സേനയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ക്രിമിനൽ പശ്ചാത്തലമുള്ളതായി കണ്ടെത്തിയവരിൽ സംസ്ഥാനത്തെ ഐ.പി.എസുകാരായ പോലീസുകാരുണ്ടോ ? | (ബി) | ഇല്ല |

സെക്ഷൻ ഓഫീസർ